7

# ദൈവം

# ഉത്തരം ലഭിച്ചിട്ടില്ലാത്ത ചോദ്യങ്ങൾ

മനുഷ്യനു തന്റെ മനസ്സിന്റെ ഉപയോഗത്താൽ ദൈവം ഉണ്ടെന്നു അറിയുവാൻ കഴിയും. എങ്ങനെയായാലും, ഭൂമിക്കു മുകളിൽ നിന്നുള്ള അറിയിപ്പു കൂടാതെ മനുഷ്യൻ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കു ഉത്തരം കിട്ടാതെ അലയുകയാണ്.

### I. പ്രപഞ്ചത്തിന്റെ ഉത്ഭവം

പ്രപഞ്ചം എങ്ങനെ വന്നു എന്നു സഹായമില്ലാതെ മനുഷ്യനു അറിഞ്ഞുകൂടാ. ഭൂമി ചിറകുള്ള മുട്ടക്ക് അടയിരിക്കുകയും കുഴമ്പിൽ നിന്നു വേർതിരിഞ്ഞു വന്നതുമാണ് പ്രപഞ്ചം എന്നാണ് മോശെയുടെ മിസ്രയിം പ്രൊഫസർമാർ പഠിപ്പിച്ചത്. വസ്തുവാണ് പ്രപഞ്ചത്തിന്റെ ഉറവിടം എന്നാണ് അരിസ്ട്ടോട്ടിൽ പഠിപ്പിച്ചത്, എന്നാൽ പുരാതന ഗ്രീക്ക് തത്വജ്ഞാനി ആയിരുന്ന സീനോ പറഞ്ഞതു "അവിചാരിതമായി പരമാണുക്കൾ കൂട്ടി ഇടിച്ചതിന്റെ" ഫലമായിട്ടാണ് എന്നത്രേ. നൂൽ പടലങ്ങൾ ക്രമേണ ഖനീഭവിച്ചു ഗ്രഹങ്ങളായി തീർന്നു എന്നാണ് 1796-ൽ പിയറി ലാപ്ലസെ പറഞ്ഞത്. സൂര്യനിൽ പറന്നു കൊണ്ടിരുന്നതു ക്രമേണ വീണു തണുത്തുറച്ചതാണ് ഗ്രഹങ്ങൾ എന്നു 1900-ൽ എഫ്. ആർ. മോൾട്ടനും റ്റി. സി. ചെയിമ്പർലിനും പറഞ്ഞു. ഹൈഡ്രജൻ വാതകത്തിൽ നിന്നാണ് പ്രപഞ്ചം ഉരുത്തിരിഞ്ഞത് എന്നാണ് 1960-ൽ പറഞ്ഞത്.

പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള എല്ലാ അനുമാനങ്ങളും ചർച്ച ചെയ്യുന്നതു വസ്തുവിന്റെ വികാസത്തെക്കുറിച്ചു മാത്രമാണ്, അല്ലാതെ വസ്തു എവിടെ നിന്നുവന്നു എന്നല്ല. ആ വസ്തു കുഴമ്പായാലും ചിറകുള്ള മുട്ടയായാലും, നൂൽപടലമായാലും, പരമാണു ആയാലും, സൂര്യനിൽ നിന്നുവീണ അവശിഷ്ടങ്ങൾ ആയാലും, ഹൈഡ്രജൻ ആയാലും ആരും പറയുന്നില്ല ആ വസ്തു എങ്ങനെ ഉണ്ടായി എന്ന്. പല വാതകങ്ങളുടെ "പ്രാചീനകാലത്തുണ്ടായ കലാപം" നിമിത്തമാണ് വസ്തു ഉണ്ടായതെന്നു പണ്ഡിതന്മാർ കരുതുന്നു, പക്ഷെ

അവരും വാതകങ്ങളുടെ ഉത്ഭവത്തെ വിശദീകരിക്കുന്നില്ല. വാതകങ്ങൾ ഉണ്ടായശേഷം സംഭവിക്കുന്നതിനെയാണ് അവർ പറയുന്നത്. ഹൈഡ്രജൻ ആണ് ആദ്യത്തെ വാതകമാണെന്നു കരുതിയതായി, അവർ തിരിച്ചറിഞ്ഞു, "വാസ്തവത്തിൽ അതിനു ഏതോ ഒരു മുൻഗാമി" ഉണ്ടായിരുന്നതായി അവർ കരുതുന്നു. എന്നാൽ ഏതായിരുന്നു ആ പൂർവ്വഗാമി, അതെങ്ങനെ ഉണ്ടായി, എന്നൊന്നും ശാസ്ത്രജ്ഞന്മാർക്ക് അറിയില്ല. പണ്ഡിതന്മാർ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപറ്റി പറയുന്നതു ഒരാൾ വായിച്ചാൽ, അയാൾ തുടങ്ങിയ സ്ഥലത്തു നിന്നു പ്രശ്ന പരിഹാരത്തോടു അടുക്കുകയില്ല.

ഈ പ്രശ്ന പരിഹാരത്തിനു മനുഷ്യന്റെ നിർമ്മലമായ ഉറവിടങ്ങൾ നോക്കിയാൽ, മനുഷ്യന്റെ കഴിവില്ലായ്മയെല്ലാം, മനുഷ്യന്റെ ഒഴികഴിവായ, മിതമായ ബുദ്ധിയിൽ ചെന്നെത്തുന്നു. എങ്ങനെ പ്രപഞ്ചം ഉണ്ടായി എന്നറിയില്ല എന്നു മനുഷ്യൻ സമ്മതിക്കേണ്ടതായിട്ടുണ്ട്. ഭൂമി കൂടാതെ വിവരം കിട്ടുന്നില്ലെങ്കിൽ അവനു അറിയുവാൻ മറ്റു മാർഗമില്ല.

## II. **മനുഷ്യന്റെ ഉത്ഭവം**

സഹായമില്ലാത്ത മനുഷ്യനു താൻ എങ്ങനെ ഇവിടെ ആയി എന്നു മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഇരുപതാം നൂറ്റാണ്ടിൽ പറഞ്ഞതു "സകല മനുഷ്യരുടേയും പിതാവു" "ചെറിയൊരു കുഞ്ഞ് എലി" ആയിരുന്നു എന്നാണ്. ആ എലിക്കു മുമ്പു "കഷ്ടിച്ചു ജീവനുള്ള മാംസക്കുഴമ്പ്" ആയിരുന്നു. എന്നാൽ ആ മാംസക്കുഴമ്പിന്റെ ഉത്ഭവം അവർ വിട്ടുകളഞ്ഞിരിക്കുന്നു. ആ മാംസക്കുഴമ്പു "ആദ്യം തൊട്ടേയുള്ള കുളങ്ങളിലെ ജൈവതന്മാത്രകളുടെ സൂപ്പ്," രൂപപ്പെട്ടതാണെന്നും ആ സൂപ്പുകൾ നിർജീവ രാസവസ്തുവായ, ഹൈഡ്രജൻ വാതകത്തിൽ നിന്നാണെന്നും കരുതിയാൽ, മനുഷ്യന്റെ ഉത്ഭവം ഉത്തരം കിട്ടാതിരിക്കുന്നു. മനുഷ്യനെ ഹൈഡ്രജനിലേക്കു തരം താഴ്ത്തിയാൽ ഹൈഡ്രജന്റെ ഉത്ഭവം ലഭിക്കുന്നില്ല, അങ്ങനെ പ്രപഞ്ചത്തിന്റെ ഉത്ഭവവും, മനുഷ്യന്റെ ഉത്ഭവവും ഉത്തരം കിട്ടാതെ പോകുന്നു.

## III. **ധാർമ്മികത്വം**

ധാർമ്മിക വ്യവസ്ഥ സ്പഷ്ടമായും മനസ്സിലാക്കുവാൻ സഹായമില്ലാത്ത മനുഷ്യനു സാധ്യമല്ല. തെറ്റും ശരിയും സംബന്ധിച്ചു ചില വസ്തുതകൾ മനുഷ്യൻ പ്രകൃതിയിൽ നിന്നു മനസ്സിലാക്കും; എന്നാൽ ആ അറിവു വിവിധവും അപര്യാപ്തവുമത്രേ. ധാർമ്മികതയിൽ നിർദ്ദേശങ്ങൾ ദൈവം നല്കും എന്നു ഗ്രീക്കുതത്വ ചിന്തകരായ സോക്രേറ്റസും പ്ലാറ്റോയും പറയുവാൻ കാരണം അതാണ്.

തന്റെ മാത്രം വിവേകത്താൽ മനുഷ്യൻ നയിക്കപ്പെട്ടാൽ, അവന്റെ ലക്ഷ്യം എല്ലായ്പ്പോഴും സ്വാർത്ഥവും സ്വയം – നശിപ്പിക്കുന്നതും ആകും. മിക്ക ആളുകൾക്കിടയിലും, ശത്രുക്കളുടെ നാശവും പ്രതികാരവുമാണ് പരിശീലിക്കപ്പെടുന്നത്. മനസ്സലിവു ബലഹീനതയായിട്ടാണ് കണക്കാക്കുന്നത്. തെറ്റിനെ പലപ്പോഴും, ഇപ്പോഴും ചിലർ നല്ല ഗുണമായി കണക്കാക്കുന്നു. മോഷണവും ചതിയും ആന്തരികമായി സ്വീകരിക്കപ്പെടു

ന്നു, ചിലപ്പോൾ ബാഹ്യമായും സ്വീകരിക്കുന്നു. മദ്യപാനം ലജ്ജിക്കത്തക്കതായി പരിഗണിച്ചിട്ടില്ല, ദുർന്നടപ്പു ആന്തരികമായി അംഗീകരിക്കയും ബാഹ്യമായി കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്നു. വിവാഹ പ്രതിജ്ഞ ലംഘിക്കപ്പെടുന്നതായി കണക്കാക്കുന്നില്ല. ചിലർ, ആത്മഹത്യ നല്ലതും, അനുഗ്രഹിക്കപ്പെട്ടതുമായി കണക്കാക്കിയിരുന്നു. ഭ്രൂണഹത്യയും കുട്ടികളെ പുറത്താക്കുന്നതും തെറ്റല്ല എന്നു ചിലർ. ചിലർക്കിടയിൽ, ശവസംസ്കാരം ആഘോഷമായി മാറിയിരിക്കുന്നു. ജനങ്ങൾ സാധാരണ ജീവിക്കേണ്ടതുപോലെ അല്ല ജീവിക്കുന്നത്, എന്നാൽ വിവരങ്ങൾ കൂടാതെ, ധാർമ്മിക നിലവാരം എങ്ങനെ സാധ്യമാകും എന്നതു ഉത്തരം കിട്ടാതെ കിടക്കുന്നു.

## IV. **ജീവിതത്തിന്റെ ലക്ഷ്യം**

സഹായമില്ലാത്ത മനുഷ്യനു ജീവിതലക്ഷ്യം സ്പഷ്ടമല്ല. ജീവിതത്തിലെ മുഖ്യലക്ഷ്യം ഉയർന്ന നന്മ അന്വേഷിക്കുന്നതിനേക്കാൾ കൂടുതൽ പ്രശ്നം മറ്റൊന്നില്ല പുരാതനക്കാർക്കിടയിൽ, മനുഷ്യന്റെ നിലനില്പിന്റെ കാരണങ്ങളായി ഏതാണ്ടു മുന്നൂറു അഭിപ്രായങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ആ ചോദ്യം ഇപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കുന്നു. ബാഹ്യസഹായം കൂടാതെ, താൻ എന്തുകൊണ്ടാണ് ഇവിടെ എന്ന ചോദ്യവുമായാണ് മനുഷ്യൻ ആയിരിക്കുന്നത്.

## V. **ദൈവത്തോടുള്ള ബന്ധം**

സഹായമില്ലാത്ത മനുഷ്യനു ദൈവത്തെ എങ്ങനെ ആരാധിക്കണം എന്നറിയില്ല ദൈവം ഉണ്ടെന്നു അവനു സഹായം കൂടാതെ അറിയാം, എന്നാൽ അവനെ എങ്ങനെ ആരാധിക്കയും, സേവിക്കയും ചെയ്യണമെന്നു അവനറിയില്ല. ദൈവത്തെ ആരാധിക്കുവാനുള്ള മാനുഷിക ശ്രമങ്ങൾ പരിതാപകരമത്രേ. ബാഹ്യസഹായം കൂടാതെ, മനുഷ്യൻ ഏക ദൈവത്തിൽ നിന്നു അനേക ദേവൻമാരിലേക്കു തിരിയുന്നു. ഇന്ത്യയിൽ ദശലക്ഷകണക്കിനു ദേവന്മാരുള്ളതായി കണക്കാക്കപ്പെടുന്നു. ജീവനില്ലാത്ത വസ്തുക്കൾക്കു വ്യക്തിത്വം കൊടുക്കുവാനുള്ള താല്പര്യവും, സഹായമില്ലാത്ത മനുഷ്യർക്കുണ്ടാകും. അങ്ങനെ വൃക്ഷങ്ങൾക്കും, പാറകൾക്കും, മേഘങ്ങൾക്കും ആത്മാക്കൾ ഉണ്ടെന്നു പോലും വിശ്വസിക്കപ്പെടുന്നു. ചിലർ മരിച്ചവരോ ജീവനുള്ളവരോ ആയ മനുഷ്യരെ ആരാധിക്കുന്നു. ദേവൻമാരുടെ കോപം അകറ്റുവാൻ അവർ നരയാഗങ്ങൾ പോലും നടത്തുന്നു. മനുഷ്യനെ തന്റെ സ്വന്തവിഭവങ്ങളിൽ വിട്ടാൽ, ദൈവത്തെ എങ്ങനെ ആരാധിക്കുകയും സേവിക്കുകയും ചെയ്യണം എന്ന ചോദ്യത്തിനു ഉത്തരം ലഭിക്കാതെ കിടക്കും.

## VI. **അമർത്യത**

സഹായമില്ലാത്ത മനുഷ്യനു അമർത്യതയുടെ ഉറപ്പില്ല. എല്ലാ സാധാരണക്കാരും നിത്യമായി ജീവിക്കുവാൻ ആശിക്കുന്നു, എന്നാൽ ബാഹ്യസഹായം ഇല്ലാതെ, ആർക്കും മരണാനന്തരജീവിത യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുവാൻ കഴിയുന്നില്ല. ഇയ്യോബ് 14:14–ൽ ഉത്തരമില്ലാതെ

ഒരു ചോദ്യം കാണുന്നു: “ഒരു മനുഷ്യൻ മരിച്ചാൽ, അവൻ വീണ്ടും ജീവിക്കുമോ?”

## VII. **ചോദ്യങ്ങൾ**

മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങൾ, പ്രപഞ്ചത്തിന്റെ ഉല്പത്തി മനുഷ്യന്റെ തന്നെ ഉത്ഭവം, ധാർമ്മികത്വങ്ങളും ഏറ്റവും ഉയർന്ന നന്മ, മനുഷ്യനു ദൈവത്തോടുളള ബന്ധം, അമർത്യത എന്നിവയാണ്. ഇവയ്ക്കുളള ഉത്തരങ്ങൾ മാനുഷിക അറിവിൽ നിന്നു വരുന്നില്ല. ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ മനുഷ്യനു സഹായം ഇല്ലാതെ സാധ്യമല്ല. യിരെമ്യാവു 10:23 പറയുന്നു “യഹോവേ, മനുഷ്യനു തന്റെ വഴിയും നടക്കുന്നവന്നു തന്റെ കാലടികളെ നേരെ ആക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു.” ഈ ബൈബിൾ പ്രസ്താവനയെ ദശലക്ഷക്കണക്കിനു ആളുകൾ തെറ്റാണെന്നു തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അവർക്കു ബൈബിളിലെ കൃത്യതയുടെ ഉദാഹരണങ്ങൾ കണ്ടെത്താനേ കഴിഞ്ഞിട്ടുള്ളു. സോക്രേറ്റ്സ്, പ്ലാറ്റോ, സിസേറോ, ഡെമോക്രൈറ്റസ്, ജോൺ ലോക്ക് എന്നിവർ ലോകത്തിൽ വളരെ ശക്തമായ മനസ്സുള്ളവരായ അവർ ജീവിതത്തിലെ പ്രധാന ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കഴിവില്ലായ്മയായി എഴുതിയിട്ടുണ്ട്.

മനുഷ്യന്റെ കഴിവില്ലായ്മ കാരണമാണ്, മനുഷ്യന്റെ മാനസികവും, ധാർമികവുമായ ആവശ്യങ്ങൾ പരിഗണിച്ചു കൊണ്ടു അവനു ആകാശത്തിൽ നിന്നു ഫലപൂയിഷ്ട കാലങ്ങൾ ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്നതിനു നല്കുന്നു. അതുകൊണ്ടു ദൈവത്തിന്റെ പരിമിതിയുള്ള മനുഷ്യന്റെ ആവശ്യങ്ങളെക്കുറിച്ചു ദൈവം ബാഹ്യമായി പ്രവർത്തിക്കാതിരുന്നാൽ സ്ഥിതി വേദനാജനകമാകും മറ്റൊരു വാക്കിൽ പറഞ്ഞാൽ അസാമാന്യ ദൈവശ്വാസിയ വെളിപ്പാട് ഭൂമിയിൽ വന്നു മനുഷ്യന്റെ കാലടികൾക്കു ദീപവും പാതക്കു പ്രകാശവും ആയി.

## VIII. **ഉത്തരങ്ങൾ**

ഉപകാരിയായ ഒരു സൃഷ്ടി കർത്താവിനു നല്കുന്നതു മനുഷ്യനു നല്കുവാൻ കഴിയുകയില്ല എന്നാണ് ബൈബിൾ പരിശോധിച്ചാൽ മനസ്സിലാകുന്നത്. സാധാരണ മനുഷ്യൻ, മൃഗങ്ങളേക്കാൾ വലുതാണ്, അവർ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്. അവന്റെ ഏറ്റവും വലിയ ആവശ്യങ്ങൾ ഭൗതികമല്ല; അവന്റെ ഏറ്റവും വലിയ ആവശ്യങ്ങൾ ബൈബിൾ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യശരീരത്തിനു വായു ആവശ്യമായിരിക്കുന്നതു പോലെ, മനുഷ്യാത്മാവിനു ബൈബിൾ വേണം. ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും ബൈബിൾ തരുന്നു.

© 2009 Truth for Today